(ബി) എങ്കിൽ എന്ന്, ഇതിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേസ് ഇപ്പോൾ പുനരന്വേഷണം നടത്തുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ആലുവാ ചെങ്ങമനാട് സ്വദേശിനി ജിനി എന്ന പെൺകുട്ടി കൊല ചെയ്യപ്പെട്ടത് സംബന്ധിച്ച കേസ് കുറ്റവാളികളെപ്പറ്റിയുള്ള തെളിവുകൾ ലഭിക്കായ്കയാൽ അന്വേഷണം അവസാനിപ്പിച്ച് 29-6-1995-ൽ റഫർ ചാർജ്ജ് നൽകിയിരുന്നത് 4-6-2003 മുതൽ ക്രൈം ബ്രാഞ്ച് പുനരന്വേഷണം നടത്തിവരുന്നു.

(സി) ഉണ്ട്.

(ഡി) ഈ കേസുമായി ബന്ധപ്പെട്ട് സംശയിക്കുന്ന അഞ്ച് പേരെ ഹൈദ്രാബാദിലുള്ള ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ കൊണ്ടുപോയി പോളിഗ്രാഫ് ടെസ്റ്റ് ചെയ്യുകയുണ്ടായി. അതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. അന്വേഷണവുമായി ബന്ധപ്പെട്ട് കൂടുതൽ പേരെ ചോദ്യം ചെയ്തുവരുന്നു.

മാനഭംഗശ്രമം സംബന്ധിച്ച കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യാൻ നടപടി

58 (3010) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട നാരായണൻ നമ്പ്യാരുടെ മകൾ ദിവ്യ എന്ന പെൺകുട്ടിയെ മാനഭംഗപ്പെടുത്താനുള്ള ശ്രമം സംബന്ധിച്ച കേസിന്റെ അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ;

(ബി) കേസിലെ മുഴുവൻ പ്രതികളേയും അറസ്റ്റു ചെയ്തുവോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച രജിസ്റ്റർ ചെയ്ത കുറ്റനമ്പർ 22/02യു/എസ് 354 ആർ/ഡബ്ല്യു 34 ഐ.പി.സി. കേസ് തളിപ്പറമ്പ് ജെ.എഫ്.സി.എം. കോടതിയിൽ സി.ബി. 639/02 ആയി വിചാരണയിൽ ആണ്.

(ബി) രണ്ടു പ്രതികളിൽ ഒന്നാം പ്രതിയെ 28-8-2002-ന് അറസ്റ്റുചെയ്തിട്ടുണ്ട്. രണ്ടാം പ്രതി ഒളിവിൽ കഴിയുന്നതിനാൽ അറസ്റ്റുചെയ്യാൻ സാധിച്ചിട്ടില്ല.

തിരുവനന്തപുരം തൃക്കണ്ണാപുരം കൗൺസിലറെ മർദ്ദിച്ച സംഭവം

59 (3011) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ ഉൾപ്പെട്ട തൃക്കണ്ണാപുരം വെസ്റ്റ് വാർഡ് കൗൺസിലറെ 1-6-2003-ന് ചില സാമൂഹ്യവിരുദ്ധർ മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly